بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# *Khuthba Summary* 02.05.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 02.05.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ലിഖിതശകലങ്ങൾ എടുത്തുദ്ധരിച്ചുകൊണ്ട് കഴിഞ്ഞ ഖുത്ബകളിൽ ദൈവജ്ഞാനത്തിന്റെ (മഅ്രിഫത്തെ ഇലാഹി) മാർഗവും ദൈവസ്നേഹത്തിന്റെ മാർഗവും അല്ലാഹുവിന്റെ സത്തയുടെ യാഥാർഥ്യവും വിവരിച്ചു വരികയായിരുന്നു. ഇന്ന് ആ മഹാത്മാവിന്റെ ലിഖിതശകലങ്ങൾ സമർപിച്ചുകൊണ്ട് അല്ലാഹുവിന്റെ സാമീപ്യത്തിന്റെ യാഥാർഥ്യം, അത് കരസ്ഥമാക്കാനുള്ള ചില മാർഗങ്ങൾ, അതിന്റെ പ്രാധാന്യം, തന്റെ ജമാഅത്ത് അത് കരസ്ഥമാക്കുന്നതിനുവേണ്ടി എന്തെല്ലാം പ്രതീക്ഷകളാണ് ആ മഹാത്മാവിനുണ്ടായിരുന്നത് തുടങ്ങിയ കാര്യങ്ങൾ അദ്ദേഹത്തിന്റെ തന്നെ വൈജ്ഞാനിക ഖജനാവുകളിൽ നിന്ന് ചില ഉദ്ധരണങ്ങളെടുത്ത് അവതരിപ്പിക്കുന്നതാണ്.

അല്ലാഹുവിനെ കരസ്ഥമാക്കണമെങ്കിൽ യഥാർഥ നന്മ അല്ലാഹുവിന്റെ സത്തയിലാണ് കുടികൊള്ളുന്നതെന്ന യാഥാർഥ്യം തിരിച്ചറിയേണ്ടത് നിർബന്ധമാണെന്നും അത് അല്ലാഹുവിന്റെ അധ്യാപനത്തെ സ്വായത്തമാക്കുന്നതിലൂടെയാണ് ലഭിക്കുന്നതെന്നും അതിന്റെ ഫലമായി അല്ലാഹുവിന്റെ പാരിതോഷികങ്ങളും അവന്റെ സാമീപ്യവും ലഭിക്കുന്നുവെന്നും ആ മഹാത്മാവ് വിശദീകരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'യഥാർഥമായ നിലയിൽ നന്മ ചെയ്യുന്നവനായിട്ട് അല്ലാഹുവല്ലാതെ ആരുമില്ല. എല്ലാ സവിശേഷ ഗുണങ്ങളും എല്ലാ നന്മകളും അവനുവേണ്ടി സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. പിന്നീട് എത്രത്തോളം തന്റെ ശരീരേച്ഛയും ഉദ്ദേശ്യവും ബലിചെയ്ത് നന്മ മാത്രമായിട്ടുള്ള ആ സത്തയുടെ സാമീപ്യം കരസ്ഥമാക്കുന്നവോ അത്ര മാത്രം ദൈവത്തിന്റെ സവിശേഷ ഗുണങ്ങൾ അവന്റെ ആത്മാവിൽ പ്രതിഫലിക്കുന്നു. അതുകൊണ്ട് മനുഷ്യന് കിട്ടുന്ന സത്ഗുണങ്ങളും സത്യമായ സംസ്കാരവും, ദൈവസാമീപ്യം കൊണ്ടുതന്നെയാണ് ലഭിക്കുന്നത്. അങ്ങനെ തന്നെയാണ് ആകേണ്ടിയിരുന്നതും. കാരണം സൃഷ്ടി അതിന്റെ സത്തയിൽ ഒരു വസ്തുവുമല്ല. അതിനാൽ വിശുദ്ധഖുർആനെ പൂർണമായും പിൻപറ്റുന്നവരുടെ ഹൃദയത്തിൽ മാത്രമാണ് ദൈവത്തിന്റെ സവിശേഷ ഗുണങ്ങളുടെ പ്രതിച്ഛായ പതിയുന്നത്.

ഒരിടത്ത് ദൈവസമീപ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: അല്ലാഹു വഞ്ചിതനാകുന്നവനല്ല. മത്സ്യത്തെപോലെ തന്റെ സ്നേഹത്തിന്റെ നദിയിൽ സ്വാഭാവികമായി എപ്പോഴും നീന്തി നടക്കുന്നവരേയും അവന്റേതായി തീർന്നുകൊണ്ടിരുന്നവരേയും അവനെ പിൻപറ്റുന്നതിൽ വിലയം പ്രാപിച്ചുകൊണ്ടിരുന്നവരേയുമാണ് അവൻ തന്റെ പ്രത്യേക സമീപസ്ഥനാക്കുന്നത്. തന്നെ സ്നേഹിക്കുന്നവരെ ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു എന്നത് അല്ലാഹുവിന്റെ നടപടിക്രമമാണ്. അതേ! യഥാർഥമായ പരിശുദ്ധിയും പരിശുദ്ധിയുടെ ഉറവിടവും അല്ലാഹുതന്നെയാണ്. ആരാണോ അവനെ സ്മരിക്കുന്നതിലും ആരാധിക്കുന്നതിലും സ്നേഹിക്കുന്നതിലും അവനെ ഓർക്കുന്നതിലും മുഴുകിയിരിക്കുന്നത് അല്ലാഹു അവന്റെ സവിശേഷഗുണം അവനിലും ഇടുന്നു. അപ്പോൾ അവരും അല്ലാഹുവിന്റെ സത്തയിൽ യഥാർമായി നിലകൊളളുന്ന ആ പരിശുദ്ധിയിൽ നിന്ന് ഛായാപരമായ നിലയിൽ ഓഹരി പ്രാപിക്കുന്നു.

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, അല്ലാഹു നമ്മുടെ മുമ്പിൽ വെച്ചു തന്നിട്ടുള്ള ഈ മഹത്തായ സവിശേഷ ഗുണങ്ങളും നന്മകളും അവന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗങ്ങളും മാതൃകകളും പാഠങ്ങളും നബി(സ) തിരുമേനിയെ പരിപൂർണമായും പിൻപറ്റുന്നതിലൂടെയാണ് ലഭിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: നബി(സ)തിരുമേനിയെ കൂടാതെ നേരായ മാർഗത്തിന്റെ ഏറ്റവും താണ പദവിപോലും ലഭിക്കുകയില്ലെന്നുള്ളതാണ് നമ്മുടെ വിശ്വാസം. പിന്നെയല്ലേ! നേരായ പാതയുടെ ഉന്നതമായ പദവികൾ ദൈവദുതന്മാരുടെ ഈ ഇമാമിനെ പിൻപറ്റാതെ ലഭിക്കുന്നത്. മാന്യതയുടേയും നിറവിന്റേയും ഒരു നിലയും ഒരു സ്ഥാനവും സാമീപ്യവും നമ്മുടെ നബി(സ) തിരുമേനിയെ സത്യസന്ധവും പരിപൂർണവുമായ നിലയിൽ പിൻപറ്റാതെ ഒരിക്കമൊരിക്കലും കരസ്ഥമാക്കാൻ സാധിക്കുകയില്ല. നമുക്ക് എന്തൊന്നാണോ ലഭിക്കുന്നത് അത് ഛായാപരവും ആശ്രയപരവുമായ നിലയിലാണ് ലഭിക്കുന്നത്.

ഇസ്ലാമിന്റെ യാഥാർഥ്യമെന്താണ്, ഒരു മുസൽമാൻ എങ്ങനെയായിരിക്കണം, ഒരു മുസൽമാൻ അല്ലാഹുവിന്റെ സാമീപ്യം ഏതു നില വരെ പ്രാപിച്ചിരിക്കണം തുടങ്ങിയ കാര്യങ്ങളെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഇസ്ലാമിന്റെ യാഥാർഥ്യമെന്നു പറയുന്നത് ബലിമൃഗത്തെപ്പോലെ കഴുത്ത് അല്ലാഹുവിന്റെ മുമ്പിൽ വെച്ചു കൊടുക്കലാണ്. നമ്മുടെ എല്ലാ ഉദ്ദേശ്യങ്ങളും കളഞ്ഞുകുളിച്ച് അല്ലാഹുവിന്റെ ഉദ്ദേശ്യത്തിലും പ്രീതിയിലും ലയിച്ചു ചേരുക. അല്ലാഹുവിൽ എല്ലാം നഷ്ടപ്പെടുത്തിയിട്ട് ഒരു മരണം തന്നിൽ വരുത്തുക. അവന്റെ വ്യക്തിഗതമായ സ്നേഹത്തിൽനിന്ന് പൂർണമായും നിറം പറ്റി കേവലം സ്നേഹാവേശത്താൽ അനെ പിൻപറ്റുക; മറ്റൊന്നിന്റേയും അടിസ്ഥാനത്തിലാകരുത്. അവനോടൊപ്പം, കാണുന്ന കണ്ണുൾ കരസ്ഥമാക്കുക.

അനോടൊപ്പം, കേൾക്കുന്ന ചെവികൾ കരസ്ഥമാക്കുക. അവ നിലേക്ക് അടിമുടി കുനിഞ്ഞിട്ടുള്ള മനസ്സുണ്ടാക്കുക. അവൻ വിളിക്കുമ്പോൾ സംസാരിക്കുന്ന നാവ് കരസ്ഥമാക്കുക. ദൈവവഴിയിലെ എല്ലാ പ്രയാണങ്ങളും (സുലൂക്) അവസാനിക്കുന്നതും മാനുഷികമായ കഴിവുകൾ അതിനെ ഏല്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്തങ്ങളും നിറവേറ്റിക്കഴിഞ്ഞിട്ടുള്ളതുമായ സ്ഥാനമാണിത്.

പിന്നീട് ഇസ്തിഗ്ഫാറിന്റെ *(പൊറുക്കലിനെ തേടൽ)* രണ്ടു തരത്തിൽ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: " വിശ്വാസത്തിന്റെ വേരുകൾ ബലവത്തായിത്തീരുന്ന ഇസ്തിഗ്ഫാർ വിശുദ്ധ ഖുർആനിൽ രണ്ടർഥത്തിൽ വന്നിട്ടുണ്ട്. ഒന്ന് സ്വന്തം മനസ്സിനെ അല്ലാഹുവിനോടുള്ള സ്നേഹത്തിൽ ദൃഢമാക്കി പാപങ്ങളുടെ വെളിപ്പെടലിനെ -തനിച്ചുള്ള അവസ്ഥയിലാണ് അത് അലയടിച്ചുയരുന്നത്- അല്ലാഹുവുമായുള്ള ബന്ധത്തോടെ തടയുക. അല്ലാഹുമായി ച്ചേർന്ന് അവനോടു സഹായം തേടുക. ഈ ഇസ്തിഗ്ഫാർ ദൈവസാമീപ്യം പ്രാപിച്ചവരുടേതാണ്. ഇസ്തിഗ്ഫാറിന്റെ രണ്ടാമത്തെ തരം പാപത്തിൽനിന്ന് പുറത്തു ചാടി അല്ലാഹുവിലേക്ക് ഓടുകയാണ്. മരം മണ്ണിൽ ഉറച്ചു നില്ക്കുന്നതുപോലെ മനസ്സ് ദൈവസ്നേഹത്തിന്റെ തടവുകാരനായിത്തിരുക; പരിശുദ്ധമായ വളർച്ച പ്രാപിച്ച് പാപത്തിന്റെ വരൾച്ചയിൽ നിന്നും അധഃപതനത്തിൽനിന്നും രക്ഷപ്പെടുക. ഈ രണ്ടു രീതിയുടേയും പേര് ഇസ്തിഗ്ഫാർ എന്ന വെക്കപ്പെട്ടിരിക്കുന്നു." ദൈവസാമീപ്യത്തിന്റെ നിലകൾ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവുമായിട്ടുള്ള സാമീപ്യത്തിന്റേയും ബന്ധത്തിന്റേയും നിലകൾ വ്യത്യസ്തമാണ്. *(അല്ലാഹുവിൽനിന്ന് സാമീപ്യത്തിനും ബന്ധത്തിനും ലഭിക്കുന്ന പദവികൾ വ്യത്യസ്തമാണ്).* അതുകൊണ്ട് ഒരു വ്യക്തി അല്ലാഹുവിന്റെ സമീപസ്ഥനായിരുന്നിട്ടും സാമീപ്യത്തിലും സ്നേഹത്തിലും ഉന്നതനായ ഒരാളുമായി മത്സരിക്കേണ്ടി വരുമ്പോൾ അവസാന ഫലമുണ്ടാകുന്നത് താഴ്ന്ന പദവിയിലുള്ള ദൈവസാമീപ്യക്കാരൻ നശിച്ചുപോകുന്നുവെന്നു മാത്രമല്ല പ്രത്യുത അവിശ്വാസിയായി മരിക്കുകയും ചെയ്യുന്നു; മൂസായ്ക്കെതിരിൽ ബൽഅം ബാഊറായുടെ അവസ്ഥ ഉണ്ടായതുപോലെ.

ദൈവസാമീപ്യത്തിന്റെ മാർഗമായ പ്രാർഥനയെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പ്രാർഥനയുടെ ഉദാഹരണം മധുരമുള്ള അരുവി പോലെയാണ്. അതിലാണ് സത്യവിശ്വാസി ഇരിക്കുന്നത്. അവൻ ആഗ്രഹിക്കുമ്പോഴെല്ലാം അതിൽനിന്ന് വയറു നിറയെ പാനം ചെയ്യാൻ സാധിക്കും. മത്സ്യത്തിന് വെള്ളം കൂടാതെ ജീവിക്കാൻ പറ്റാത്തതുപോലെ സത്യവിശ്വാസിയുടെ വെള്ളം പ്രാർഥനയായതുകൊണ്ട് അതുകൂടാതെ അവന് ജീവിക്കാൻ സാധിക്കുകയില്ല. ഈ പ്രാർഥനയ്ക്കുള്ള ശരിയായ അവസരം നമസ്കാരമാണ്. പ്രാർഥനയ്ക്കുള്ള ശരിയായ ഇടം നമസ്കാരമാണ്. യഥാർഥത്തിൽ ശരിയായ പ്രാർഥന നടത്താൻ പറ്റുന്നത് ഇവിടെയാണ്. ഇതിൽ ആ സംതൃപ്തിയും സന്തോഷവും സത്യവിശ്വാസിക്ക് ലഭിക്കുന്നു. നമസ്കാരത്തിൽ സത്യവിശ്വാസിക്ക് ലഭിക്കുന്ന സംതൃപ്തിയും സന്തോഷവും നോക്കുമ്പോൾ ഒരു സുഖലോലുപന് ഏതെങ്കിലും ദുർനടത്തത്തിന്റെ ഫലമായി ലഭിക്കാവുന്ന സമ്പൂർണ നിലയിലുള്ള സന്തോഷം നിസ്സാരമാണ്. പ്രാർഥനയിൽ ലഭിക്കുന്ന ഏറ്റവും വലിയ കാര്യം ദൈവസാമീപ്യമാണ്. പ്രാർഥനമുഖേന തന്നെയാണ് മനുഷ്യൻ അല്ലാഹുവിനോടടുക്കുന്നതും തന്നിലേക്ക് വലിച്ചടുപ്പിക്കപ്പെടുന്നതും."

അതുകൊണ്ട് ദൈസാമീപ്യം കരസ്ഥമാക്കുന്നതിന് നമസ്കാരത്തിന്റെ കടമ നിറവേറ്റേണ്ടത് നിർബന്ധമാണ്. പിന്നീട് ദൈവസാമീപ്യം ലഭിക്കാൻ പൊതുവായ നിലയിൽ സൽക്കർമങ്ങൾ അനുഷ്ഠിക്കേണ്ടതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: " സൽകർമം വലിയ അനുഗ്രഹമാണ്. ഉദാരവാനായ ദൈവം സൽകർമം ഇഷ്ടപ്പെടുകയും ദൈവസാമീപ്യം ലഭിക്കുകയും ചെയ്യുന്നു. എന്നാൽ, അവസാനകവിൾ മദ്യത്തിൽ ലഹരി ഉണ്ടായിരിക്കുന്നതുപോലെ സൽകർമത്തിന്റെ അനുഗ്രഹങ്ങൾ അതിന്റെ അവസാന ഗുണത്തിൽ മറഞ്ഞിരിക്കുന്നു. ആരാണോ അവസാനം വരെ എത്തുന്നത്, സൽകർമത്തെ അതിന്റെ സമ്പൂർണതയിലെത്തിക്കുന്നത് അവൻ ഈ അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കുന്നു. പക്ഷേ, ആരാണോ ഇടയ്ക്കുവച്ച് എല്ലാ സൽകർമവും ഉപേക്ഷിച്ചു കളയുന്നത്, അതിനെ അതിന്റെ സമ്പൂർണമായ ലക്ഷ്യംവരെ എത്തിക്കാത്തത് അവൻ ഈ അനുഗ്രഹങ്ങളിൽ നിന്ന് തടയപ്പെടുന്നു. മനുഷ്യന്റെ ആദരവും ഏറ്റവും വലിയ സമ്പത്തും അനുഗ്രഹവും അല്ലാഹുവിന്റെ സാമീപ്യം ലഭിക്കലാണ്. അവൻ അല്ലാഹുവിന്റെ സമീപസ്ഥനായിത്തീരുമ്പോൾ അല്ലാഹു ആയിരക്കണക്കിന് അനുഗ്രഹങ്ങൾ അവനിൽ ഇറക്കുന്നു. ഭൂമിയിൽ നിന്നും ആകാശത്തുനിന്നും അവനിൽ അനുഗ്രഹങ്ങൾ ഇറങ്ങുന്നു. നബി(സ)തിരുമേനിയെ ഉന്മൂലനം ചെയ്യാൻ ഖുറയ്ശികൾ എത്രമാത്രം ശക്തി ചെലുത്തി. അവർ ഒരു സംഘമായിരുന്നു; നബി(സ)തിരുമേനി തനിച്ചും. എന്നാൽ, നോക്കൂ! ആരാണ് ജയിച്ചത്? ആരാണ് പരാജയപ്പെട്ടത്? സഹായവും പിന്താങ്ങും ദൈവസമീപസ്ഥന്റെ വളരെ വലിയ അടയാളമാണ്.

പിന്നീട് സാമീപ്യം കരസ്ഥമാക്കുന്നതിന്റെ നിലവാരത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിന്റെ ശാപത്തെ വളരെ ഭയപ്പെടുക. അവൻ പരമപരിശുദ്ധനും ഈർഷ്യയുള്ളവനുമാണ്. ദുർവൃത്തന് ദൈവസാമീപ്യം കരസ്ഥമാക്കാൻ സാധിക്കുകയില്ല. അഹങ്കാരിക്കും അവന്റെ സാമീപ്യം കരസ്ഥമാക്കാൻ പറ്റുകയില്ല. അക്രമിയ്ക്ക് അവന്റെ സാമീപ്യം കരസ്ഥമാക്കാൻ സാധിക്കുകയില്ല. വഞ്ചകന് അവന്റെ സാമീപ്യം കരസ്ഥമാക്കാൻ പറ്റുകയില്ല. അവന്റെ പേരിനു വേണ്ടി ധാർമികരോഷം കാണിക്കാത്ത ഒരുത്തനും അവന്റെ സാമീപ്യം കരസ്ഥമാക്കാൻ ഒക്കുകയില്ല. ദുൻയാവിന്റെ മേൽ നായ്ക്കൾ, അല്ലെങ്കിൽ ഉറുമ്പുകൾ, അല്ലെങ്കിൽ കഴുകന്മാരെപ്പോലെ വീഴുന്നവരും ദുൻയാവിനെക്കൊണ്ട് സൗഖ്യത്തിലുള്ളവരും അവന്റെ സാമീപ്യം പ്രാപിക്കുകയില്ല. അശുദ്ധമായ ഓരോ കണ്ണും അവനിൽ നിന്ന് അകന്നിരിക്കുന്നു. അശുദ്ധമായ ഓരോ മനസ്സും അവനെക്കുറിച്ച് അറിവില്ലാത്തതാണ്. അവനുവേണ്ടി അഗ്നിയിലുള്ളവൻ അഗ്നിയിൽനിന്ന് രക്ഷിക്കപ്പെ

ടും. അവനുവേണ്ടി കരയുന്നവൻ ചിരിക്കും. അവനുവേണ്ടി ദുൻയാവിനെ മുറിക്കുന്നവന് അവനെ കിട്ടും. നിങ്ങൾ സത്യ ഹൃദയത്തോടും നിറഞ്ഞ സത്യസന്ധതയോടും അത്യു ത്സാഹ ചുവടോടും കൂടി അല്ലാഹുവിന്റെ സുഹൃത്തായി ത്തീരുക; അവനും നിങ്ങളുടെ സുഹൃത്തായിത്തീരാൻ. ആകാ ശത്ത് നിങ്ങളുടെ മേൽ കരുണചെയ്യപ്പെടുന്നതിന് നിങ്ങൾ നിങ്ങളുടെ കീഴിലുള്ളവരോടും നിങ്ങളുടെ ഭാര്യമാരോടും നിങ്ങളുടെ സാധുക്കളായ സഹോദരന്മാരോടും കരുണ കാ ണിക്കുക. നിങ്ങൾ സത്യത്തിൽ അവന്റേതായിത്തീരുക; അവനും നിങ്ങളുടേതായിത്തീരാൻ.

തന്റെ സമീപസ്ഥർക്കു വേണ്ടി അല്ലാഹു എങ്ങനെയാണ് തന്റെ അഭിമാനം പ്രകടിപ്പിക്കുകയും എതിരാളികളെ നശി പ്പിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊ ദ്(അ)പറയുന്നു: "അപമാനത്തിന്റേയും പീഢനത്തിന്റേയും കാര്യം പാരമ്യതയിലെത്തുന്ന നേരത്ത് അല്ലാഹുവിന്റെ ഉദ്ദേ ശ്യത്താലുള്ള പരീക്ഷണം ഉണ്ടായിക്കഴിയുമ്പോൾ ആ സമ യത്ത് അല്ലാഹുവിന്റെ ധാർമിക രോഷം അവന്റെ സ്നേഹി തന്മാർക്കുവേണ്ടി അലയടിച്ചുയരുകയും അല്ലാഹു അവരി ലേക്ക് നോക്കുകയും ചെയ്യുന്നു. അവരെ മർദിതരായി മന സ്സിലാക്കുന്നു. അക്രമം ചെയ്യപ്പെട്ടവരും തെറിവിളിക്കപ്പെ ട്ടവരും അന്യായമായി കാഫിറാക്കപ്പെട്ടവരും അക്രമികളുടെ കൈയാൽ വിഷമിപ്പിക്കപ്പെട്ടവരുമായി അവരെ കാണുന്നു. അപ്പോൾ അവർക്കായി തന്റെ നടപടിക്രമം പൂർത്തിയാക്കാ നും തന്റെ കൃപാവായ്പ് കാണിക്കാനും തന്റെ നല്ല ദാസ ന്മാരെ സഹായിക്കാനുംവേണ്ടി അവൻ എഴുന്നേറ്റു നില്ക്കു ന്നു. പൂർണമായ നിലയിൽ അല്ലാഹുവിലേക്ക് ശ്രദ്ധ ഊന്നാ നും രാവിലേയും വൈകുന്നേരവും അവന്റെ സന്നിധിയിൽ വിലപിക്കാനും അവന്റെ മനസ്സിലിടുകയും ചെയ്യുന്നു. ഇപ്ര കാരം അവന്റെ സമീപസ്ഥരെ സംബന്ധിച്ച് അവന്റെ സുന്ന ത്ത് തുടർന്നുകൊണ്ടിരിക്കുന്നു. എന്തായാലും അവസാനം സമ്പത്തും സഹായവും അവർക്കുണ്ടാകും. അല്ലാഹു അവ രുടെ ശത്രുക്കളെ സിംഹങ്ങളുടേയും പുള്ളിപ്പുലികളുടേയും ഇരയാക്കിത്തീർക്കുന്നു. ഇപ്രകാരം ആത്മാർഥരിൽ അല്ലാ ഹുവിന്റെ നടപടിക്രമം തുടർന്നുവരുന്നു. അവരെ പാഴാക്കി ക്കളയുകയില്ല. അനുഗ്രഹങ്ങൾ നല്കപ്പെടുന്നു. അവരെ നിന്ദിതരാക്കുകയില്ല. അവരെ പുണ്യവാളന്മാരാക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും അല്ലാഹു ഈ രീതി യിൽ പെരുമാറിയത് നാം കണ്ടതാണെന്ന കാര്യത്തിൽ സംശ യമൊന്നുമില്ല. ശത്രക്കളെ അവൻ നിന്ദ്യരും അപമാനിതരു മാക്കി. ഒരു തവണയല്ല. രണ്ടു തവണയല്ല. ആവർത്തിച്ചാ വർത്തിച്ച് പല പ്രാവശ്യം വിവിധ രാജ്യങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ശത്രുക്കൾ നിന്ദ്യരായതും അപമാനിതരാ യതും നശിച്ചൊടുങ്ങിയവരായതും നാം കണ്ടതാണ്. ഇന്നും ഈ ദൃശ്യങ്ങൾ നാം കാണുന്നു. ഞാൻ വീണ്ടും ജമാഅത്തി ലെ അംഗങ്ങളോട് പ്രത്യേകിച്ച് പാക്കിസ്ഥാനിലെ അഹ്മദി കളോടു പറയുകയാണ് അഹ്മദിയ്യത്തിന്റെ എതിരാളികൾ ക്കെതിരെ അല്ലാഹുവിന്റെ ലാത്തി വീശിയടിക്കും. വീശിയ ടിക്കുക തന്നെ ചെയ്യും. إن شاء الله ചെറിയ തോതിൽ അതിന്റെ ദൃശ്യങ്ങൾ നാം കാണുന്നുമുണ്ട്. കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. പക്ഷേ, പെട്ടെന്ന് വിശാലമായ നിലയിൽ ഈ ദൃശ്യം കാണണമെങ്കിൽ പാക്കിസ്ഥാനിൽ വസിക്കുന്ന ഓരോ അഹ്മദിയും പാക്കിസ്ഥാനുമായി ബന്ധം വയ്ക്കുന്ന ഓരോ അഹ്മദിയും അല്ലാഹുവുമായിട്ടുള്ള സാമീപ്യത്തിലും ബന്ധത്തിലും വളരേണ്ട ആവശ്യമുണ്ട്. അതുകൊണ്ട് ദുൻയാ വിനെ പിന്നിലേക്ക് തള്ളുക. അല്ലാഹുവുമായിട്ടുള്ള സാമീ പ്യം വർധിപ്പിച്ചുകൊണ്ടേ പോകുക. അതു വർധിച്ചുകൊണ്ടു പോകാൻ നാം ശ്രമിക്കേണ്ടതാണ്; എത്രയും വേഗം ആ ദൃശ്യം കാണാൻ. പൊതുവായ നിലയിൽ ലോകം മുഴുവനു മുള്ള അഹ്മദികളും പ്രത്യേകമായ നിലയിൽ ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്; ലോകത്ത് നിന്ന് സാത്താനിക ഭരണം അവസാനിക്കാൻ. അല്ലാഹുവി ന്റെ സമീപസ്ഥരായവരുടെ ഭരണം ലോകത്ത് സ്ഥാപിതമാ കാൻ. അല്ലാഹു ഈ ദുആകൾ ചെയ്യാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിന്റെ സമീപസ്ഥരിൽ ഉൾപെ ടാനും അവൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London – on 02.05.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To